P

039233

നം. ബി 6 – 3177/2016
ഡെപ്യൂട്ടി കമ്മീഷണറുടെ കാര്യാലയം,

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് , ടാക്സ്

ടവർ,കരമന, തിരുവനന്തപുരം email-

tvmdc.ctd@kerala.gov.in

ഫോൺ-0471 2785025, 0471 2785026,

തീയതി 19/09/2018

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്
24 SEP 2018
തിരുവനന്തപുരം

പ്രേഷകൻ

ഡെപ്യൂട്ടി കമ്മീഷണർ,
സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്,
ടാക്സ് ടവേഴ്സ് , കരമന, തിരുവനന്തപുരം.

സ്വീകർത്താവ്

വകുപ്പ് മേധാവികൾ,
തിരുവനന്തപുരം.

സർ,

വിഷയം - സംസ്ഥാന ചരക്ക് സേവന നികുതി നിയമം 2017 വകുപ്പ് 51- ടി.ഡി എസ് കിഴിവ്
നടത്തുന്നത് - സംബന്ധിച്ച് -

സൂചന- കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 13-09-2018-ലെ വിജ്ഞാപനം- 50/2018- Central Tax.

-----------

മേൽ സൂചന കണ്ടാലും. സൂചന പ്രകാരം എല്ലാ കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകൾ 51% ത്തിനു മേൽ സർക്കാർ നിയന്ത്രണമുള്ള ഇന്ത്യൻ പാർലമെന്റോ സംസ്ഥാന നിയമസഭയോ പാസ്സാക്കിയ നിയമത്തിനനുസൃതമായ സ്ഥാപനങ്ങൾ , സൊസൈറ്റി രജിസ്ട്രേഷൻ ആക്ട്, 1860 ന്റെ പരിധിയിൽ വരുന്നവ, പൊതു മേഖല സ്ഥാപനങ്ങൾ മുതലായ വിഭാഗത്തിൽപ്പെട്ടവർ 01-10-2018 മുതൽ ചരക്ക് സേവന നികുതി ബാധകമായ ചരക്കുകൾ വാങ്ങുകയോ സേവനം സ്വീകരിക്കുകയോ ചെയ്തതുമായി ബന്ധപ്പെട്ട് പണം നൽകുന്ന സമയത്ത് ആകെ കരാർ തുക രണ്ടര ലക്ഷത്തിൽ അധികരിച്ചാൽ സ്രോതസ്സിൽ നിന്നു തന്നെ (നൽകുന്ന തുകയിൽ നിന്ന്) ജി.എസ്.ടി ഇനത്തിൽ 2% (കേന്ദ്ര ജി.എസ്.ടി 1% ഉം സംസ്ഥാന

ജി.എസ്.ടി 1% ഉം) കിഴിവ് നടത്തേണ്ടതാണ്. ആയത് അടുത്ത മാസം 10-ാം തീയതിയ്ക്കകം Form GSTR -7 -ൽ ഓൺലൈനായി റിട്ടേൺ ഫയൽ ചെയ്യേണ്ടതുമാണ്.

ഇതു സംബന്ധിച്ച് സംശയങ്ങൾ ദൂരീകരിക്കാനായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ടാക്സ് ടവറിൽ **26/09/2018ഉച്ചയ്ക്ക് 2.00 മണിക്ക്** ഒരു ക്ലാസ്സ് സംഘടിപ്പിക്കുന്നുണ്ട്. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ **dcthiruvananthapuram@gmail.com** എന്ന ഇ-മെയിലിലൂടെ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യുന്ന സമയത്ത് താങ്കളുടെ വകുപ്പിലെ ക്രയവിക്രങ്ങളെ സംബന്ധിച്ചും ആയതിന്റെ പ്രതിഫലം നൽകുന്നതിനെ സംബന്ധിച്ചുള്ള നടപടി ക്രമങ്ങൾ പ്രസ്തുത ഇ-മെയിലിലൂടെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

ഈ വിവരം താങ്കളുടെ കീഴിലുള്ള എല്ലാ കാര്യാലയങ്ങളിലും അറിയിക്കേണ്ടതാണ്.

**ബന്ധപ്പെടേണ്ട നമ്പർ 0471 2785026**

വിശ്വസ്തതയോടെ,

ഒപ്പ്

സംസ്ഥാന നികുതി ഡെപ്പ്യൂട്ടി കമ്മീഷണർ

ചരക്ക് സേവന നികുതി വകുപ്പ്, കേരളം, തിരുവനന്തപുരം

"മേലെഴുത്ത് നം:39233/2018/കോവി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം, തീയതി : 24.09.2018

തിരുവനന്തപുരം ജില്ലയിലെ കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ സർക്കാർ കോളേജുകളിലേയും പർച്ചേസ് സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലാർക്കുമാരും സൂപ്രണ്ട് / ഹെഡ് അക്കൌണ്ടന്റുമാരും മേൽ കത്തിലെ നിർദ്ദേശ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതും പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതുമാണെന്ന് എല്ലാ സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകുന്നു.

ഒപ്പ്/-
രമേഷ്.റ്റി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

/അംഗീകാരത്തോടെ/

സൂപ്രണ്ട്

പി.ജി 24.09.2018